File No.LSGD-DA1/502/2018-LSGD

G.O.(Rt)No.1683/2019/LSGD

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കെൽട്രോൺ ശ്രവണ സഹായികൾ, എൽ.ഇ.ഡി ലൈറ്റുകൾ എന്നിവ ടെണ്ടർ നടപടി കൂടാതെ കെൽട്രോണിൽ നിന്ന് വാങ്ങാൻ തസ്വഭവ സ്ഥാപനങ്ങൾ അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്തു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.1683/2019/തസ്വഭവ തിരുവനന്തപുരം, തീയതി,05.08.2019

പരാമർശം :-
1. 11.06.2018-ലെ സ.ഉ(സാധാ) 1581/2018 തസ്വഭവ ന ഉത്തരവ്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 20.06.2019 ലെ 4.1 7 നമ്പർ തീരുമാനം(ഖണ്ഡിക 2-2)
3. സ്റ്റോർ പർച്ചേസ് (ബി) വകുപ്പിന്റെ 21.06.2019 ലെ SPD-B2/7/2019-SPD നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

കെൽട്രോൺ ശ്രവണ സഹായികൾ, എൽ.ഇ.ഡി ലൈറ്റുകൾ എന്നിവ ടെണ്ടർ നടപടി കൂടാതെ കെൽട്രോണിൽ നിന്ന് വാങ്ങാൻ തസ്വഭവ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തസ്വഭവ സ്ഥാപനങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട് ഇളവുകൾ/ മാറ്റങ്ങൾ ആവശ്യമുള്ള വിഷയങ്ങളിൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുമതി കൂടി ലഭ്യമാക്കണമെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചതിനെ തുടർന്ന് 20.06.2019 ലെ സിസി യോഗം പ്രസ്തുത വിഷയം പുനപരിശോധിക്കുകയും ഭാവിയിൽ ടെൻഡർ നടപടികൾ കൂടാതെ സാധനങ്ങൾ പർച്ചേസ് ചെയ്യുവാൻ തസ്വഭവ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുമതി കൂടി ലഭ്യമാക്കിയിരിക്കണമെന്ന് പരാമർശം(2) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം(1) ലെ സർക്കാർ ഉത്തരവ് റദ്ദാക്കുന്നതോടൊപ്പം തസ്വഭവ സ്ഥാപനങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട്, നിലവിലെ സ്റ്റോർ പർച്ചേസ് മാനുവലിന്റെ വ്യവസ്ഥകളിൻമേൽ ഇളവുകൾ/ മാറ്റങ്ങൾ ആവശ്യമുള്ള വിഷയങ്ങളിൽ , ആയതു സംബന്ധിച്ച പ്രൊപ്പോസലുകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് മേധാവി വഴി സർക്കാരിൽ സമർപ്പിക്കേണ്ടതാണ് .

മേൽ നിർദേശം എല്ലാ തദ്ദേശ സ്വയം ഭരണ വകുപ്പ്സ്ഥാപനങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

**File No.LSGD-DA1/502/2018-LSGD**

**O.(Rt)No.1683/2019/LSGD**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ത.സ്വ.ഭ.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത്ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
സ്റ്റോർ പർച്ചേസ് (ബി ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ